# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2530 | 27/01/2014-ൽ മറുപടിക്ക്

## കാൻസർ രോഗികളുടെ രോഗപ്രതിരോധത്തിനും ചികിത്സയ്ക്കും കർമ്മപദ്ധതികൾ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
" തേറമ്പിൽ രാമകൃഷ്ണൻ
" ടി. എൻ. പ്രതാപൻ
" പി. സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാൻസർ രോഗബാധിതരുടെ രോഗ പ്രതിരോധത്തിനും ചികിത്സയ്ക്കും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വ്യക്തമാക്കാമോ ; | (എ) | റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, NRHM എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഹെൽത്ത് സർവ്വീസസിന്റെ കീഴിലുള്ള ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ബോധവൽക്കരണം, മുൻകൂർ കാൻസർ നിർണ്ണയം കീമോതെറാപ്പിയും അതിനോടനുബന്ധിച്ച് രോഗിക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കൽ ചികിത്സാശേഷമുള്ള പരിചരണം എന്നിവകളുള്ള പരിശീലനം നൽകി വരുന്നു. ഇപ്രകാരം പരിശീലനം നൽകുന്നതുവഴി ദൂര സ്ഥലങ്ങളിൽ നിന്നും ചികിത്സ തേടിയെത്തുന്ന രോഗികൾക്ക് അവരവർ താമസിക്കുന്നിടത്തുള്ള ജില്ലാ ആശുപത്രിയിലോ താലൂക്ക് ആശുപത്രിയിലോ ഉള്ള ഡോക്ടർമാരെ പ്രസ്തുത ആവശ്യങ്ങൾക്കായി സമീപിക്കുവാൻ സാധിക്കും. ടി കർമ്മപദ്ധതിയുടെ ഭാഗമായി നാളിതുവരെ ഹെൽത്ത് സർവ്വീസസിൽ നിന്നുള്ള 8 ഡോക്ടർമാർക്കും, 12 നഴ്സുമാർക്കും പരിശീലനം നൽകിക്കഴിഞ്ഞു. 5 ഡോക്ടർമാർക്ക് ഇപ്പോൾ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു. സർക്കാർ മേഖലയിൽ നിലവിലുള്ള സ്പെഷ്യാലിറ്റി കാൻസർ ചികിത്സാ കേന്ദ്രങ്ങൾ RCC യും MCC യുമാണ്. ഇതുകൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാൻസർ രോഗ നിർണ്ണയത്തിനും അതിനുള്ള ചികിത്സയ്ക്കുമുള്ള സൗകര്യം നിലവിലുണ്ട്. ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മിനി റീജിയണൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. മാത്രമല്ല, ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ കാൻസർ കെയർ പദ്ധതിയിൽ എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളിലും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഡിസ്ട്രിക്റ്റ് കാൻസർ കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവിടെ റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്നിവിടങ്ങളിൽ പരിശീലനം നൽകിയ ഡോക്ടർമാരേയും, സ്റ്റാഫ് നഴ്സുമാരേയും വിന്യസിച്ചിട്ടുണ്ട്. കാൻസർ ബോധവത്കരണം നടത്തുന്നതിനും പ്രാദേശിക തലത്തിലുള്ള രോഗനിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കാമോ ; | (ബി) | കോഴിക്കോട്, കോട്ടയം, ആലപ്പുഴ എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കീമോതെറാപ്പി, റേഡിയേഷൻ ചികിത്സകൾ നൽകുന്നതിനുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തിയാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മിനി റീജിയണൽ കാൻസർ സെന്റർ ആയി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ കാൻസർ കെയർ പദ്ധതിയിൽ എല്ലാ ജില്ലകളിലും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഡിസ്ട്രിക്റ്റ് കാൻസർ കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. തിരഞ്ഞെടുത്ത പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗനിർണ്ണയ ക്യാമ്പുകൾ നടത്താൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 2014 ഫെബ്രുവരി 4 മുതൽ സമഗ്ര കാൻസർ പരിശോധനാ പരിപാടി നടപ്പിലാക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത സംവിധാനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കാമോ ; | (സി) | കേന്ദ്ര സർക്കാരിന്റെ എൻ.പി.സി.ഡി.എസ്. സ്കീം അനുസരിച്ച് ടെർഷ്യറി കാൻസർ സെന്റർ പദ്ധതിയിൽപ്പെടുത്തി മലബാർ കാൻസർ സെന്ററിന് കേന്ദ്ര വിഹിതം 4.80 കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കാൻസർ ചികിത്സയും, പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ മെഡിക്കൽ കോളേജിനെ മിനി റീജിയണൽ കാൻസർ സെന്ററായി ഉയർത്തുന്ന പദ്ധതിക്ക് സഹായം ലഭിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS നടപ്പിലാക്കിയ 5 ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ സഹായം നൽകുന്നതിനും പ്രത്യേകം ഡോക്ടർമാരെയും സ്റ്റാഫ് നഴ്സുമാരേയും വിന്യസിക്കുന്നതിനും കേന്ദ്ര സഹായം 2010-ൽ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; വ്യക്തമാക്കാമോ ? | (ഡി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ 3 ആശുപത്രികളെ (മലബാർ കാൻസർ സെന്റർ, ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്) Tertiary Cancer Care Unit-കളായി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നോഡൽ ഓഫീസർമാരെ എൻ.ആർ.എച്ച്.എം. നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന ജില്ലാ തലങ്ങളിൽ എല്ലാ മാസവും പ്രവർത്തന അവലോകനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ